**30-10-2018 വൈകുന്നേരം 4.30 ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനിട്ട്സ്.**

ലൈഫ് മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികളെ കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്ത് താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

**തീരുമാനങ്ങൾ**

1. വിവിധ വകുപ്പുകൾക്ക് (പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യബന്ധനം, തൊഴിൽ, ന്യൂനപക്ഷക്ഷേമം) 2018-19 ലെ ബഡ്ജറ്റിൽ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അതാത് വിഭാഗത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായ ഒരു ലക്ഷം രൂപ വീതം ലൈഫ് മിഷൻ വഴി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. അതനുസരിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽ പട്ടികജാതി വിഭാഗത്തിൽ അർഹരായ 6130 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 61.30 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ അർഹരായ 1655 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 16.55 കോടി രൂപയും ലൈഫ് മിഷന് അടിയന്തിരമായി നൽകേണ്ട വിവരവും ഉൾപ്പെടുത്തി ഈ വിഭാഗത്തിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ പരിശോധനയ്ക്ക് ശേഷം അർഹരാകുന്ന മുറയ്ക്ക് ബാക്കി തുക കൂടി നൽകേണ്ടതാണെന്നും അറിയിച്ചു.

   ന്യൂനപക്ഷക്ഷേമ വകുപ്പിലെ അർഹരായ 1812 ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിലേയ്ക്കായി 18.12 കോടി രൂപ ലൈഫ് മിഷന് കൈമാറേണ്ടതുണ്ടെന്ന് അറിയിച്ചു. ഈവകുപ്പുകളും മത്സ്യബന്ധനം, തൊഴിൽ എന്നീ വകുപ്പുകളിലെയും തുകകൾ കൈമാറുന്ന കാര്യത്തിൽ അടിയന്തിര തീരുമാനമെടുക്കുന്നതാണെന്ന് ടി വകുപ്പുകളിൽ നിന്ന് എത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

2. സംസ്ഥാനത്ത് ഒട്ടാകെയായി ഭൂമിയുള്ള ഭവനരഹിതരായി 1,87,214 അംഗീകൃത ഗുണഭോക്താക്കളും. ഇതിൽ 74273 ഗുണഭോക്താക്കളുടെ രേഖകളുടെ പരിശോധന ഇതിനകം പൂർത്തിയാക്കി ഭവന നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടന്നിട്ടുണ്ട്. ഇവരിൽ പട്ടികജാതി വിഭാഗത്തിലുള്ള 22641 പേരിൽ 6130 പേരുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ള 6034 പേരിൽ 1655 പേരുടെയും മത്സ്യബന്ധന വിഭാഗത്തിലുള്ള 1220 പേരിൽ 528 പേരുടെയും തൊഴിൽ വിഭാഗത്തിലുള്ള 770 പേരിൽ 253 പേരുടെയും ന്യൂനപക്ഷ സ്ത്രീകേന്ദ്രിത കുടുംബം എന്ന വിഭാഗത്തിലുള്ള 3245 പേരിൽ 1812 പേരുടെയും രേഖകളുടെ പരിശോധനയാണ് പൂർത്തിയാക്കിയിട്ടുള്ളത്. ടി വകുപ്പുകളിൽ രേഖാപരിശോധന ഇനിയും പൂർത്തീകരിക്കുവാൻ ആകെ ബാക്കിയുള്ള ഗുണഭോക്താക്കളുടെ പരിശോധന ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് വകുപ്പ്തല ജീവനക്കാരുടെ ഇടപെടൽ കൂടി അനിവാര്യമെന്ന് ലൈഫ് സിഇഒ അഭ്യർത്ഥിച്ചു. അതിനുള്ള നടപടി സ്വീകരിക്കാമെന്ന് യോഗത്തിൽ പങ്കെടുത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

യോഗം 6 മണിക്ക് അവസാനിച്ചു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലൈഫ് മിഷൻ

13/11/2018

അഡീഷണൽ ചീഫ് സെക്രട്ടറി,

തദ്ദേശസ്വയംഭരണ വകുപ്പ്

13/11/18

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

**2018 സെപ്റ്റംബർ 18-ന് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന LIFE മിഷൻ പ്രവർത്തനാവലോകന യോഗത്തിന്റെ മിനിറ്റ്സ്.**

2018 സെപ്റ്റംബർ 18, 3.30pm-ന് ആരംഭിച്ച അവലോകനയോഗം നിലവിൽ LIFE മിഷൻ പ്രവർത്തനങ്ങൾ എത്തി നിൽക്കുന്നത് എവിടെയെന്നും പ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും കൈവരിക്കുന്നതിന് ഉടനേ ആവശ്യമായ നടപടികൾ എന്തെന്നും വിലയിരുത്തി. അതനുസരിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

1. കടന്നുപോയ പ്രകൃതിദുരന്തത്തിന്റെ ആഘാതം ഭവന നിർമ്മാണ രംഗത്തുണ്ടാക്കിയ നഷ്ടങ്ങൾക്ക് മതിയായ ദുരിതാശ്വാസ ധനസഹായം സർക്കാർ ലഭ്യമാക്കുന്നുണ്ട്. എന്നാൽ ദുരന്തബാധിതമായ ചിലയിടങ്ങളെങ്കിലും ഇനി വാസഗൃഹ നിർമ്മാണത്തിന് ഉപയോഗിച്ചു കൂടാത്തതായുണ്ട്. കെട്ടിടനിർമ്മാണം നടത്തിക്കൂടാത്ത അത്തരമിടങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുകയും അവിടെയുള്ള LIFE മിഷൻ ഗുണഭോക്താക്കൾക്ക് ഉചിതമായ മറ്റു ഭവനസൌകര്യം ഏർപ്പാടാക്കാൻ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ഇക്കാര്യം വിലയിരുത്തി തുടർനടപടി നിർദ്ദേശിക്കുന്ന റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സമർപ്പിക്കണം.

2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ഗുണഭോക്തൃവിവരങ്ങൾ LIFE മിഷൻ ലഭ്യമാക്കിയിട്ടുള്ള വെബ് ആപ്ലിക്കേഷൻ വഴി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി സെപ്റ്റംബർ 30-നു മുമ്പായി അപ് ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പാക്കണം. ഇതിനായി ഒരു വീഡിയോ കോൺഫറൻസ് നടത്താൻ ACS, LSGDയെ ചുമതലപ്പെടുത്തി.

3. സംസ്ഥാനത്തുടനീളമായി നിർമ്മാണം ആരംഭിച്ചു കഴിഞ്ഞ വീടുകൾക്ക് (പ്രത്യേകിച്ചും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം വിതരണം ചെയ്തു കഴിഞ്ഞയിടങ്ങളിൽ) അടുത്ത ഗഡു ധനസഹായം നൽകുന്നതിനായി സംസ്ഥാന പദ്ധതി വിഹിതം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള ഫണ്ട് പൂൾ ചെയ്യേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം അന്തിമമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളുമായി ഇതു സംബന്ധിച്ച ചർച്ചകൾ നടത്തേണ്ടതാണ്.

4. ഭൂമിയുള്ള ഭവനരഹിതരുടെ ധനസഹായ വിതരണ നടപടിക്രമങ്ങളുടെ ഭാഗമായി വീടുവയ്ക്കുന്ന ഭൂമിയുടെ കൈമാറ്റം 12 വർഷത്തേക്ക് തടയുന്ന കരാർ രജിസ്റ്റർ ചെയ്യുന്നതിനു പകരം, PEARL സോഫ്റ്റ് വെയറിൽ കൈമാറ്റം അനുവദിച്ചിട്ടില്ലാത്ത ഭൂമിയാണ് എന്ന അലെർട്ട് നൽകുന്ന ഇലക്ട്രോണിക് ലോക്ക് സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികൾ മുന്നോട്ടു കൊണ്ടു പോകേണ്ടതാണ്.

5. നിർമ്മാണവസ്തുക്കൾ ഗുണമേന്മയോടെയും സമയബന്ധിതമായും പരമാവധി കുറഞ്ഞ ചെലവിലും ലഭ്യമാക്കുന്നതിന് Material aggregatorടെ സേവനം ഉപയോഗപ്പെടുത്തുന്ന പൈലറ്റ് പ്രോജക്റ്റ് എറണാകുളത്ത് കോതമംഗലം, പറവൂർ ബ്ലോക്കുകളിലായി നടത്താവുന്നതാണ്. ഇതിൽ പ്രസ്തുത ബ്ലോക്കുകളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണം ആവശ്യപ്പെട്ട് കത്ത് നൽകേണ്ടതാണ്.

6. പരമാവധി കുറഞ്ഞ വിലയ്ക്ക് സിമന്റും സ്റ്റീലും LIFE മിഷൻ ഭവന നിർമ്മാണത്തിന് ലഭ്യമാക്കാൻ നിർമ്മാണക്കമ്പനികളുമായി മുമ്പു തുടങ്ങി വച്ച ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകണം.

7. സ്വന്തമായി നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തു ചെയ്യാനാകാത്തവർക്ക് സഹായം നൽകുന്നതിന് പ്രാദേശിക കെട്ടിടനിർമ്മാണ ഏജൻസികളുടേയും സാങ്കേതിക മേൽനോട്ടം നടത്താനാകുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സന്നദ്ധ സേവനം നൽകാൻ തയ്യാറുള്ള സാങ്കേതിക വിദഗ്ധരുടെയും (സർവീസിലുള്ളവരോ വിരമിച്ചവരോ സ്വകാര്യ മേഖലയിലുള്ളവരോ ആയ ആരും) പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകേണ്ടതാണ്.

8. LIFE മിഷൻ ഭവന നിർമ്മാണത്തിന് പ്രാദേശിക കെട്ടിടനിർമ്മാണ ഏജൻസികളെ പരിഗണിക്കുന്നതിൽ കുടുംബശ്രീ കെട്ടിടനിർമ്മാണ യൂണിറ്റുകൾക്ക് ആദ്യ പരിഗണന നൽകേണ്ടതാണ്.

9. ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഇന്നുള്ള മൂന്നരലക്ഷം വരുന്ന ഗുണഭോക്താക്കളുടെയും സപ്ലിമെന്ററി പട്ടികയിലുള്ള ഗുണഭോക്താക്കളുടെയും പട്ടികയും സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള പ്രാദേശിക സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടി നിർദ്ദേശങ്ങൾ തയ്യാറാക്കാൻ LIFE-CEOയെ ചുമതലപ്പെടുത്തി.

10. കാസറഗോഡ് കണ്ണൂര് വയനാട് കോഴിക്കോട് ജില്ലകൾക്കായി (റീജിയൺ 1) പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ സർക്കാർ അംഗീകൃത പട്ടികയിൽ നിന്നും നെഗോഷ്യേഷനിലൂടെ കണ്ടെത്തി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ LIFE-CEOയെ ചുമതലപ്പെടുത്തി..

11. അടിമാലി ഭവനസമുച്ചയം ഭവനം ഫൌണ്ടേഷനിൽ നിന്നും LIFE മിഷൻ ഏറ്റെടുക്കുന്നതിനു തീരുമാനിച്ചിരുന്നതാണ്. എന്നാൽ മാറിയ സാഹചര്യങ്ങളിൽ ആയത് പ്രകൃതിക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന് ആവശ്യമുണ്ടോ എന്നു പരിശോധിക്കണം. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള കുറിപ്പ് LIFE-CEO ഉടൻ സമർപ്പിക്കണം.

12. LIFE മിഷനിലെ എഞ്ചിനീയറർമാരുടെ നിയമനക്കാര്യത്തിൽ അഞ്ചു ദിവസത്തിനകം തീരുമാനം ഉത്തരവായി പുറപ്പെടുവിക്കണം.

13. LIFE മിഷൻ ഫയൽ നീക്കങ്ങളിൽ കാലതാമസം ഒഴിവാക്കാൻ LIFE-CEO ഫയലുകൾ നേരിട്ട് ACS, LSGD വഴി മന്ത്രിക്ക് അയക്കുന്ന രീതിയിൽ ഫയൽ റൂട്ടിങ്ങ് നിശ്ചയിക്കാമോ എന്നത് ചീഫ് സെക്രട്ടറിയുടെ അഭിപ്രായം കൂടി ആരാഞ്ഞ് തീരുമാനമെടുക്കണം.

14. മിഷൻ മോണിറ്ററിങ് ടീമിന്റെ ചുമതലയുള്ള ഓഫീസ് അസിസ്റ്റന്റ്- സെക്ഷൻ ഓഫീസർ വിഭാഗത്തിന് LIFE മിഷന്റെ ഭരണപരമായ ഫയലുകളുടെയും ആവശ്യമായ സർക്കാർ ഉത്തരവുകൾ തയ്യാറാക്കുന്നതിന്റെയും ചുമതലകൂടി ഏൽപ്പിക്കാമോ എന്നത് ACS, Planning മായി ആലോചിച്ച് തീരുമാനമാക്കണം.

15. നിലവിലുള്ള സാഹചര്യങ്ങളിൽ ഭവനനിർമ്മാണ മേഖലയിൽ ഉണ്ടാകേണ്ട ഈ മാറ്റങ്ങൾ ചർച്ച ചെയ്തു മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി നിലവിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രീഫാബ്രിക്കേഷൻ സാങ്കേതിക വിദ്യാ ഉന്നതാധികാര സമിതിയിൽ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റുകളുടെ പ്രതിനിധികളേയും കൂടി ചേർത്തു വിപുലീകരിച്ചു കൊണ്ട് വിശദമായ ആശയ

വിനിമയം നടത്തി പ്രവർത്തന സമീപനം തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണം.

16. LIFE മിഷൻ ഭവനങ്ങളുടെ നിർമ്മാണത്തിന് സ്റ്റാൻഡേർഡ് ഡിസൈനും സ്പെസിഫിക്കേഷനും തീരുമാനിക്കുകയും അതനുസരിച്ചുള്ള വീടുകൾ നിശ്ചിത അടങ്കൽച്ചെലവിൽ നിർമ്മിച്ചു നൽകാൻ കെട്ടിട നിർമ്മാണ രംഗത്തുള്ള എല്ലാ ഏജൻസികളോടും ആവശ്യപ്പെടുകയും ചെയ്യുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണം.

17. കെട്ടിട നിർമ്മാണത്തിനാവശ്യമായ മണലും മെറ്റലും ലഭ്യമാക്കുന്നതിന്, പ്രളയാനന്തരം പല പുഴകളിലും രൂപപ്പെട്ടിട്ടുള്ള മണൽ നിക്ഷേപങ്ങൾ നീക്കം ചെയ്ത് ശേഖരിച്ച് പാക്കറ്റുകളിലാക്കി വിൽക്കുന്നതിനും, സ്വകാര്യ ഭൂമികളിലായുള്ള ചെറിയ പാറക്കെട്ടുകളെ പരമാവധി പാരിസ്ഥിതിക ആഘാതമുണ്ടാക്കാത്ത വിധം പൊട്ടിച്ചെടുക്കുന്നതിനും കുടുംബശ്രീയൂണിറ്റുകൾ അടിസ്ഥാനമാക്കി ചെറുകിട സംരംഭങ്ങൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണം.

യോഗം 4.45pm ന് സമാപിച്ചു.

29/9/18

A.C. MOIDEEN
Minister for LSGD Department

## ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.07.2018 -ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ യോഗം ഉച്ചയ്ക്ക് ശേഷം 2.00-ന് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന്റെ നടപടി ക്രമങ്ങളെക്കുറിച്ചും ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

ഹഡ്കോ വായ്പ ലഭ്യമാക്കുന്നതിന് മുന്നോടിയായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ച് കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ സംക്ഷിപ്തമായി വിവരിച്ചു. തുടർന്ന് വിശദമായ ചർച്ചയ്ക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. പുതുതായി നിർമ്മിക്കുന്ന വീടുകളുടെ ഗുണഭോക്താക്കൾക്ക് ഹഡ്കോയിൽ നിന്ന് വായ്പായിനത്തിൽ ലഭ്യമാകുന്ന തുക അർഹരായിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് (ഓരോ ഘട്ടം ഭവന നിർമ്മാണം പൂർത്തിയാകുമ്പോഴും) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈനായി അപ്ഡേറ്റ് ചെയ്യുന്ന മുറയ്ക്ക് കെ.യു.ആർ.ഡി.എഫ്.സി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗുണഭോക്താക്കൾക്ക് നൽകാൻ തീരുമാനിച്ചു.

   *<u>നടപടി - എം.ഡി. കെ.യു.ആർ.ഡി.എഫ്.സി, സി.ഇ.ഒ ലൈഫ് മിഷൻ</u>*

2. ഗ്രാമസഭ അംഗീകരിച്ച നിലവിലുള്ള ലിസ്റ്റിൽ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയവർക്ക് മാത്രമാണ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിന് ആവശ്യമായ ധനസഹായം ആദ്യഘട്ടത്തിൽ ലഭ്യമാക്കേണ്ടത്. തർക്കമുള്ള ഗുണഭോക്താക്കളെയോ സപ്ലിമെന്ററി ലിസ്റ്റിൽപ്പെട്ടവരെയോ ആദ്യ ഘട്ടത്തിൽ വ്യക്തത വരുന്ന മുറയ്ക്ക് യുക്തമായ തീരുമാനം സർക്കാർ തലത്തിൽ എടുത്തശേഷം പരിഗണിക്കാവുന്നതാണ്.

   *<u>നടപടി - ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ</u>*

3. ജൂലൈ 31-ഓടുകൂടി അർഹരായ ഗുണഭോക്താക്കളുമായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ആദ്യഗഡു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

ഫണ്ടിൽ നിന്ന് നൽകേണ്ടതും അവരുടെ വിവരങ്ങൾ SC, ST, Fishermen, OBC, Minority, Plantation workers, women lead households എന്നീ വിഭാഗങ്ങളാക്കി പട്ടികപ്പെടുത്തി ലൈഫ് മിഷൻ ഡേറ്റാ ബേസിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ആദ്യഗഡു കൈപ്പറ്റി വീടിന്റെ ഒന്നാംഘട്ട പണികൾ പൂർത്തിയാക്കിയവരുടെ ലിസ്റ്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് സംസ്ഥാന ബജറ്റിൽ വിവിധ വകുപ്പുകൾക്ക് നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്ന് രണ്ടാം ഗഡു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതാണ്.

4. ഹഡ്കോ–ൽ നിന്ന് വായ്പയായി ലഭ്യമാകുന്ന തുകയുടെ വിതരണം സുതാര്യമായി നടപ്പാക്കുന്നതിനും ഖണ്ഡിക (3)–ൽ പറഞ്ഞപ്രകാരം തുക വിതരണം ചെയ്യുന്നതിനും പി.എഫ്.എം.എസ്–നോട് സമാനമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കേണ്ടതുണ്ടെന്നും അത്തരത്തിലുള്ള സാങ്കേതിക സംവിധാനങ്ങൾ ഒരുക്കാൻ കഴിയുന്ന ബാങ്കുവഴി മാത്രം ഹഡ്കോയുടെ നിബന്ധനപ്രകാരമുള്ള അക്കൗണ്ട് തുറന്നാൽ മതിയെന്നും യോഗം തീരുമാനിച്ചു. താഴെപ്പറയുന്ന സേവനങ്ങൾ നൽകാൻ തയ്യാറുള്ള ബാങ്കുകളുടെ ഓഫറുകൾ ലഭ്യമാക്കി തുടർ ചർച്ച നടത്തുന്നതിനായി മാനേജിംഗ് ഡയറക്ടർ കെ.യു.ആർ.ഡി.എഫ്.സി–യെ ചുമതലപ്പെടുത്തി.

- ❖ ബാങ്കിൽ നിന്നുള്ള ധനകാര്യ വിദഗ്ദ്ധന്റെ സേവനം
- ❖ മിനിമം ബാലൻസ് നിർബന്ധമാക്കരുത്
- ❖ ഇടപാടുകൾ സൗജന്യമായിരിക്കുക
- ❖ ബാങ്കിൽ നിലനിൽക്കുന്ന തുകയ്ക്ക് പലിശ നൽക്കുക.
- ❖ ഒ.ഡി ലഭ്യമാക്കുക.

*നടപടി – മാനേജിംഗ് ഡയറക്ടർ കെ.യു.ആർ.ഡി.എഫ്.സി*

5. ജൂലൈ 20–ഓടുകൂടി എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി, ജൂലൈ 30–നകം ഹഡ്കോയും കെ.യു.ആർ.ഡി.എഫ്.സിയും തമ്മിൽ കരാറിൽ ഏർപ്പെടാനും ഹഡ്കോയിൽ നിന്ന് ആഗസ്റ്റ് 10–നകം ആദ്യഗഡു വായ്പാതുക കെ.യു.ആർ.ഡി.എഫ്.സിക്ക് ലഭ്യമാകുന്ന തരത്തിൽ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

*നടപടി – മാനേജിംഗ് ഡയറക്ടർ കെ.യു.ആർ.ഡി.എഫ്.സി*

6. പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ പിന്നിൽ നിൽക്കുന്ന 4 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, വയനാട്) സംസ്ഥാനതലത്തിൽ പ്രത്യേക കർമ്മസേന (പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ്, ലൈഫ് മിഷൻ എന്നിവയിലെ പ്രതിനിധികൾ) രൂപീകരിക്കാനും ഈ കർമ്മസേന ബന്ധപ്പെട്ട ജില്ലകൾ സന്ദർശിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കി ആയവ തദ്ദേശീയമായി പരിഹരിച്ച് ആഗസ്റ്റ് 31–നകം 4 ജില്ലകളിലും 100% പുരോഗതി കൈവരിക്കാനും തിരുമാനിച്ചു. മറ്റ് 10 ജില്ലകളിലും ലൈഫ് ജില്ലാ കോ–ഓർഡിനേറ്റർമാരുടെ ചുമതലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രശ്നങ്ങൾ കണ്ടെത്തി ഇതേ രീതിയിൽ പരിഹരിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്വം ജില്ലാ കോ–ഓർഡിനേറ്റർമാരെ ഏൽപ്പിക്കാനും തീരുമാനിച്ചു.

*നടപടി – ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ*

വൈകുന്നേരം 4.00 മണിയ്ക്ക് യോഗം അവസാനിച്ചു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

18/7/2018

അഡീ. ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

## അനുബന്ധം - 1

പങ്കെടുത്തവർ

1. ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്, അഡീ. ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. മനോജ് ജോഷി, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. എം.ശിവശങ്കർ ഐ.എ.എസ്, സി.ഇ.ഒ, ലൈഫ് മിഷൻ
4. ഡോ. മിത്ര ടി, അഡീ. സെക്രട്ടറി, (അർബൻ) തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ.അജിത്കുമാർ ഐ.എ.എസ് (റിട്ട.), മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി
6. ശ്രീമതി. ബീന ഫിലിപ്പോസ്, റീജിയണൽ ചീഫ്, ഹഡ്കോ
7. ശ്രീ. ജോൺ ജോസഫ് വടശ്ശേരി,ജോയിന്റ് ജനറൽ മാനേജർ, ഹഡ്കോ
8. ശ്രീ. മനു ആർ, ഫിനാൻസ് മാനേജർ, കെ.യു.ആർ.ഡി.എഫ്.സി
9. ശ്രീ. റോഹിൻജത് പി, ഡെപ്യൂട്ടി ജനറൽ മാനേജർ, ഹഡ്കോ
10. ശ്രീമതി. റസ്സിജോർജ്ജ്, മിഷൻ മോണിറ്ററിംഗ് ടീം
11. ശ്രീ. ബിനു ഫ്രാൻസിസ്, ഡെപ്യൂട്ടി സി.ഇ.ഒ, ലൈഫ് മിഷൻ
12. ശ്രീ. പി.എസ്. ജയന്തൻ, ലൈഫ് മിഷൻ

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

നം. എൽ.എഫ്/ജനറൽ/2017/ലൈഫ് തിയതി : 21.05.2018

## നോട്ട്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.05.2018–ന് ചേർന്ന ലൈഫ് മിഷൻ പ്രത്യേക അവലോകന യോഗത്തിന്റെ മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

22/5

Dr. ADEELA ABDULLA. IAS
Chief Executive Officer
Life Mission, Local Self Government Dept.
Government of Kerala

അഡീ. ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

23/5/2018

T.K. JOSE. IAS
Additional Chief Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി

24.5.18

ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

TAPPAL
Office of the Additional Chief Secretary LSGD
23 MAY 2018
Time:........ No........
Government Secretariat, Thiruvananthapuram.

## ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.05.2018-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ യോഗം 4.30-ന് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

1. **പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

57368 ഭവനങ്ങളിൽ നാളിതുവരെ 32995 (58%) പൂർത്തിയായിട്ടുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തെ അറിയിച്ചു. പൂർത്തീകരണ പുരോഗതി നിലവിൽ കുറഞ്ഞിട്ടുള്ള അവസ്ഥയാണുള്ളതെന്നും അത് ത്വരിതപ്പെടുത്തുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും യോഗം വിലയിരുത്തി. ലൈഫ് മിഷനിലെ എല്ലാ ഉദ്യോഗസ്ഥരും ഇതിനായി വേണ്ടവിധം പ്രയത്നിക്കണമെന്നും ഉദ്യോഗസ്ഥർക്ക് ജില്ലകളുടെ ചുമതല നൽകി വേണ്ടവിധം മോണിറ്ററിംഗ് ചെയ്യുന്നതിനും ട്രഷറികളിൽ ബില്ലുകൾ പാസ്സാകാത്തത് അടക്കമുള്ള ബുദ്ധിമുട്ടുകൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി പ്രഥമ പരിഗണന നൽകി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും എസ്.സി/ എസ്.ടി തുടങ്ങിയ വകുപ്പുകളുടെ കാര്യത്തിൽ ഒരു പ്രത്യേക യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടാവുന്നതാണെന്നും 31.05.2018-നകം മുഴുവൻ ഭവനങ്ങളുടെ പൂർത്തീകരണം നടത്തുന്നതിന് ശ്രമിക്കണമെന്നും ലിന്റിൽ, റൂഫ് എന്നീ ഘട്ടങ്ങളിലുള്ളത് നിർബന്ധമായും പ്രസ്തുത സമയപരിധിക്കകം പൂർത്തീകരിക്കണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.

ഭവന പൂർത്തീകരണത്തിൽ ഏറ്റവും പിന്നിൽ നിൽകുന്ന വയനാട് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി വയനാട് സബ് കളക്ടർക്ക് ലൈഫ് മിഷന്റെ പ്രത്യേക ചുമതലകൂടി നൽകാവുന്നതാണ് എന്നും കമ്മിറ്റി വിലയിരുത്തി.

**തീരുമാനം:**

(1) മേയ് 31-ന് മുമ്പായി പൂർത്തീകരിക്കാത്ത മുഴുവൻ ഭവനങ്ങളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലിന്റിൽ, റൂഫ് എന്നിവ എത്തിയ ഭവനങ്ങൾ ഒരു കാരണവശാലും മേയ് 31-ന് അപ്പുറം

പോകുന്നില്ലായെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസര ഉറപ്പുവരുത്തേണ്ടതാണ്.

(2) ഭവന നിർമ്മാണത്തിൽ പിന്നിൽ നിൽക്കുന്ന വയനാട് ജില്ലയിൽ സബ് കളക്ടർക്ക് പ്രത്യേക ചുമതല നൽകി പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തിരുമാനിച്ചു.

നടപടി : അഡീ. ചീഫ് സെക്രട്ടറി, എൽ.എസ്.ജി.ഡി

സമയപരിധി: 22.05.2018

## 2. ഹഡ്കോ-യിൽ നിന്നുള്ള വായ്പ

ഹഡ്കോയ്ക്ക് ഉള്ള ലോൺ അപേക്ഷ നിലവിലെ എം.ഡി മുഖാന്തിരം നൽകാനും കെ.യു.ഡി.ആർ.എഫ്.സി-യെ ലോൺ എടുക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയ ഉത്തരവ് വന്നതിനുശേഷം കെ.യു.ഡി.ആർ.എഫ്.സി-യുടെ ബോർഡ് മീറ്റിംഗ് ലോൺ അപേക്ഷ റാറ്റിഫൈ ചെയ്യാനും തീരുമാനിച്ചു.

ഹഡ്കോ ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൗൺസിൽ തീരുമാനം ലഭ്യമാക്കണം.

ലൈഫ് മിഷന്റെ 2018-19-ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന തുകയിൽ 4000 കോടി രൂപ ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പയായി സ്വീകരിക്കാൻ 16.05.2018-ലെ ക്യാബിനറ്റ് തീരുമാനമെടുത്ത വിവരം മന്ത്രി യോഗത്തെ അറിയിച്ചു. വായ്പാ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.യു.ആർ.ഡി.എഫ്.സി-യെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു.

**തീരുമാനം:**

(1) ലോൺ എടുക്കുന്നിതിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൗൺസിൽ റസല്യൂഷൻ/ കമ്മിറ്റി തീരുമാനം (ലൈഫ് പദ്ധതിയുടെ ആവശ്യത്തിലേക്ക് സർക്കാർ വായ്പ എടുത്ത് നൽകണമെന്നും, തിരിച്ചടവ് തദ്ദേശ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ടിൽ നിന്നും 20% തുക വച്ച് ഉറവിടത്തിൽ നിന്നും കുറവ് ചെയ്യാൻ സർക്കാരിന് അനുമതി നൽകാനും) ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

നടപടി : എൽ.എസ്.ജി.ഡി, ലൈഫ് മിഷൻ

സമയപരിധി: 31.05.2018

3. **ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും ഭരണാനുമതി നൽകുന്നതും സംബന്ധിച്ച്**

ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ജില്ലകളിൽ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണാനുമതി ലഭിക്കുന്നതിന് ബന്ധപ്പെട്ട ഫയലുകൾ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കാണേണ്ടതാണ് എന്നും നിലവിൽ ഫയലുകൾ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചുവെന്ന് അഡീ. ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു.

**തീരുമാനം**

എസ്.എൽ.ഇ.സി അനുമതി നലകിയ എല്ലാ സൈറ്റുകളിലും അടിയന്തിരമായി AS/Revised AS നൽകാൻ തീരുമാനിച്ചു.

നടപടി : എൽ.എസ്.ജി.ഡി

സമയപരിധി: 23.05.2018

4. **ഭൂമിയുള്ള ഭവനരഹിതരായ എച്ച്.ഐ.വി ഗുണഭോക്താക്കളുടെ ഭവന നിർവ്വഹണ രീതി സംബന്ധിച്ച്.**

നിലവിൽ ലഭ്യമായ അപേക്ഷകരിൽ അർഹരായവർക്ക് ജില്ലാ പഞ്ചായത്ത് മുഖേന അവരുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്താൻ തീരുമാനിച്ചു.

**തീരുമാനം:**

(1) എയ്ഡ്സ് കൺട്രോൾ സൊസൈറ്റി/ മറ്റ് ഏജൻസികൾ ലഭ്യമാക്കിയ ഭൂമിയുള്ള ഭവന രഹിതരുടെ പട്ടിക ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നതിനും അവരുടെ വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ധനസഹായം നൽകുന്നതിനും തീരുമാനിച്ചു. ജില്ലാ പഞ്ചായത്ത് ആയതിന്റെ രഹസ്യസ്വഭാവം നിലനിർത്തേണ്ടതാണ്.

(2) പുതിയതായി ഇത്തരം ഗുണഭോക്താക്കൾ അപേക്ഷിക്കുന്നുണ്ടെങ്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കേണ്ടതും അർഹതയുള്ളപക്ഷം ഗുണഭോക്താവായി പരിഗണിച്ച് ധനസഹായം നൽകേണ്ടതുമാണ്.

നടപടി : ലൈഫ് മിഷൻ

സമയപരിധി: 22.05.2018

5. **ഡേറ്റാ ബേസിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർ, തോട്ടം തൊഴിലാളി ജീവനക്കാർ എന്നിവരെ സംബന്ധിച്ച്.**

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാരെയും (ഭൂമിയുള്ള ഭവനരഹിതർ) ഗുണഭോക്താക്കളായി പരിഗണിക്കുന്നതിന് തീരുമാനിച്ചു.

തോട്ടം തൊഴിലാളികളെ ഉൾപ്പെടത്തുന്നത് ചർച്ചകൾക്ക് വിധേയമാക്കി പരിഗണിക്കാമെന്ന് നിർദ്ദേശിച്ചു.

**തീരുമാനം:**

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ അംഗൻവാടി ജീവനക്കാരുടെ കാര്യത്തിൽ മറ്റ്തരത്തിൽ അർഹതയുള്ളപക്ഷം അവരെ ഗുണഭോക്താവായി പരിഗണിക്കാൻ തീരുമാനിച്ചു.

നടപടി : സി.ഇ.ഒ, എൽ.എസ്.ജി.ഡി

സമയപരിധി: 22.05.2018

6. **വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി വകുപ്പ് മന്ത്രിമാർ ഉൾപ്പെട്ട യോഗം ചേരുന്നത് സംബന്ധിച്ച്.**

വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ ഏകോപനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരെ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടാൻ തീരുമാനിച്ചു.

**തീരുമാനം:**

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പ് മന്ത്രിമാരെ ഉൾപ്പെടുത്തി ഒരു യോഗം കൂടാൻ ചീഫ് എക്സിക്യുട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

നടപടി : എൽ.എസ്.ജി.ഡി

സമയപരിധി: 31.05.2018

7. **ചീഫ് എൻജിനീയറുടെ ഒഴിവ് നികത്തുന്നത് സംബന്ധിച്ച്**

ലൈഫ് മിഷനിലെ ചീഫ് എൻജിനീയറുടെ തസ്തിക 2018 ഏപ്രിൽ മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. ആയത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

ഒഴിവ് അടിയന്തിരമായി നികത്തുന്നതിലേക്കായി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്ന വിഷയം യോഗം പരിശോധിച്ചു. ചീഫ് എൻജിനീയറുടെ സേവനം ആവശ്യമാണ് എന്നും പി.ഡബ്ല്യു.ഡി/ മറ്റ് വകുപ്പുകളിൽ നിന്നും വിരമിച്ച ഒരാളെ കണ്ടെത്തുന്ന വിഷയം ചർച്ച ചെയ്തു.

**തീരുമാനം:**

പി.ഡബ്ല്യു.ഡി, മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും വിരമിച്ച (ചീഫ് എൻജിനീയർ/സൂപ്രണ്ടിംഗ് എൻജിനീയർ റാങ്കിൽ) ഒരാളെ കണ്ടെത്തി ശുപാർശ ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

നടപടി : അഡീ. ചീഫ് സെക്രട്ടറി, എൽ.എസ്.ജി.ഡി

സമയപരിധി: 25.05.2018

23/05/18

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലൈഫ് മിഷൻ

Chief Executive Officer
Life Mission
Government of Kerala

അഡീ. ചീഫ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

23/05/2018

Additional Chief Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

24.5.18

ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

## അനുബന്ധം

പങ്കെടുത്തവർ :

1. ഡോ. കെ.ടി ജലീൽ, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. ശ്രീ. ടി.കെ ജോസ് ഐ.എ.എസ്, അഡീ. ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
4. ഡോ. ദിവ്യാ എസ്. അയ്യർ ഐ.എ.എസ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ. അലക്സ് ജോസഫ്, ചീഫ് എൻജിനീയർ
6. ശ്രീ. ബിനു ഫ്രാൻസിസ്, ഡെപ്യൂട്ടി സി.ഇ.ഒ
7. ശ്രീ. രാഹുൽ യു.എസ്, പ്രോഗ്രാം മാനേജർ
8. ശ്രീ. അനീഷ് ബി, പ്രോഗ്രാം മാനേജർ
9. ശ്രീ. സുധീർ എസ്, ഫിനാൻസ് ഓഫീസർ
10. ശ്രീമതി അജിത.എസ്, പ്രോഗ്രാം മാനേജർ

e-2151871/18/MLSGD

157/18

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment

ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

നം. ലൈഫ്/പി.എം 5/511/2017 തിയതി : 23.12.2017

## നോട്ട്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.12.2017 –ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

23/12/17.

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

1.1.18

ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

സി.ഇ.ഒ. ലൈഫ്

## ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.12.2017 -ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ്

1. 2018-19 സാമ്പത്തികവർഷം മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. അർഹരാണെന്ന് കണ്ടെത്തിയിട്ടുള്ള 175000 ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിന് ആദ്യവർഷം 7000 കോടി രൂപ ആവശ്യമായി വരുന്നതാണ്.

2. സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ 5 വീതം വീടുകളും സൗജന്യമായി ലഭിച്ച ഭൂമിയിൽ 30 എണ്ണവും ഉൾപ്പെടെ 2018-19-ൽ ആകെ 100 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും (ടെക്നോളജിക്കൽ ഇന്നവേഷൻ ഉൾപ്പെടുത്തി ചെയ്യുന്നതുൾപ്പെടെ) ഇതിനായി ഏകദേശം 2500 കോടി രൂപ ആവശ്യമായി വരുന്നതാണ്. ആകെ 2018-19-ൽ 7000+2500=9500 കോടി രൂപയുടെ ബാധ്യതയാണുണ്ടാവുക. ഇതിൽ ലൈഫ് മിഷനായും വിവിധ വകുപ്പുകളുടെ ഭവനപദ്ധതിക്കായും ബജറ്റ് വിഹിതമായി 2500 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 25% വിഹിതമായി 1500 കോടി രൂപയും പ്രതീക്ഷിക്കുന്നു. 2018-19-ൽ 9000-4000=5000 കോടി രൂപയാണ് വായ്പയായി കണ്ടെത്തേണ്ടി വരികയെന്ന് യോഗം വിലയിരുത്തി.

3. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ബാധകമാക്കരുതെന്ന് ഫിനാൻസ് സെക്രട്ടറിയെ അറിയിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

4. 2018-19 വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ലൈഫ് മിഷനുവേണ്ടി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

   എ. 2017-18 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള ലൈഫ് മിഷന്റെ ആദ്യഘട്ടമായ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 2018 മാർച്ച് 31-നും, പൂർത്തിയാക്കാൻ

അവശേഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയത് പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക 2018–19–ൽ നിർബന്ധമായും വകയിരുത്തേണ്ടതാണ്.

ബി. 2018–2019 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം ആരംഭിക്കുന്ന ഭൂമിയുളള ഭവനരഹിതർക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനും (ജനറൽ/എസ്.സി ഗുണഭോക്താവിന് 4 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എസ്റ്റിമേറ്റ് തുകയും), ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനും വേണ്ടി എല്ലാ തലത്തിലുമുളള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 25% തുക നിർബന്ധമായും മാറ്റിവെക്കേണ്ടതും ടി തുക മേഖല വിഭജനത്തിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

സി. ഭവന നിർമ്മാണ പദ്ധതിക്കായി മാറ്റിവെക്കുന്ന ടി 25% തുക സർക്കാർ ഉറവിടത്തിൽ നിന്നും കുറവു ചെയ്ത് ലൈഫ് മിഷന് കൈമാറേണ്ടതാണ്.

ഡി. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുകയും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി വരുന്ന തുകയും സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വായ്പ എടുക്കുന്നതും ആവശ്യാനുസരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതുമാണ്. വായ്പയുടെ പലിശ സർക്കാർ നൽകുന്നതും മുതൽതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയിൽ നിന്നും നൽകുന്നതുമാണ്. ഇതിനാവശ്യമായ നിർവ്വഹണ രീതിശാസ്ത്രം ലൈഫ് മിഷൻ തയ്യാറാക്കി നൽകുന്നതാണ് (05.04.2017–ലെ മിഷൻ യോഗ തീരുമാനം)

ഇ. 100–ൽ കൂടുതൽ ഭൂരഹിത ഭവനരഹിതർ ഉള്ളതും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ സർക്കാരിന്റെ ഏതെങ്കിലും വകുപ്പ്/പൊതുമേഖല സ്ഥാപനങ്ങൾ/ പുറംപോക്ക് തുടങ്ങിയവരുടെ കൈവശമോ ഭവനസമുച്ചയം നിർമ്മിക്കാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലൈഫ് മിഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഭൂമി വാങ്ങുന്നതിന് (കുറഞ്ഞത് 50 സെന്റ്) തുക വകയിരുത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇത്തരത്തിൽ സ്ഥലമില്ലായെന്ന് സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

എഫ്. 2018-19 വർഷത്തിൽ നിബന്ധനകൾക്ക് വിധേയമായി ലൈഫ് മിഷൻ തിരഞ്ഞെടുക്കുന്ന 100 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

ജി. ഭൂരഹിത ഭവനരഹിതർക്കായി കെട്ടിട സമുച്ചയത്തിനല്ലാതെ ഭൂമി വാങ്ങുന്ന പ്രോജക്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കാൻ പാടില്ല എന്നത് പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. അടിമാലി ഗ്രാമപഞ്ചായത്തിലെ ഭവനം ഫൗണ്ടേഷൻ കൈമാറുന്ന ഫ്ളാറ്റിൽ ലൈഫ് മിഷൻ അന്തിമ ലിസ്റ്റ് പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് മുൻഗണനാടിസ്ഥാനത്തിൽ യൂണിറ്റുകൾ അനുവദിക്കുന്നതിന് അടിമാലി ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകണമെന്ന് യോഗം നിർദ്ദേശിച്ചു.

6. ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭൂരഹിത-ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റുകൾ/ക്ലസ്റ്റർ ഹൗസുകൾ നിർമ്മിക്കാൻ സംസ്ഥാനത്ത് ഉടനീളം 3000 ഏക്കറിന് മുകളിൽ സ്ഥലം ആവശ്യമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വകുപ്പുകൾ എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ളതും നിലവിൽ ഉപയോഗം ഇല്ലാത്തതുമായ ഭൂമികൾ ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും അത്തരം ഭൂമികളുടെ വിവരം ശേഖരിച്ച് വരുന്നതുമാണ്. കൂടാതെ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ആവശ്യത്തിലേക്ക് ഭൂമി വാങ്ങുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവും നൽകിയിരുന്നു. എന്നാൽ ലൈഫ് മിഷന്റെ ആവശ്യത്തിലേയ്ക്കുള്ള മുഴുവൻ ഭൂമിയും ഇത്തരത്തിൽ കണ്ടെത്താൻ കഴിയില്ല. ആയതിനാൽ ഇതേ ആവശ്യത്തിന് ഭൂമി ദാനം ചെയ്യുവാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാനത്തുടനീളം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എമാരുടെ സഹകരണത്തോടെ ഒരു യജ്ഞം ആരംഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് മിഷന്റെ ആവശ്യത്തിലേയ്ക്ക് ഭൂമി ദാനം ചെയ്യുവാൻ ഒട്ടേറെ സ്വകാര്യ വ്യക്തികൾ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അത്തരത്തിൽ സ്വകാര്യ വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് ഭൂമി

ഏറ്റെടുക്കുമ്പോഴുള്ള രജിസ്ട്രേഷൻ ചെലവുകൾ ഒഴിവാക്കുവാൻ ധനകാര്യ വകുപ്പിനോട് അഭ്യർഥിക്കുവാൻ തീരുമാനിച്ചു.

7. ലൈഫ് ഭവനനിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് പര്യാപ്തമായ തരത്തി ബ്രോഷർ തയ്യാറാക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

8. ലൈഫ് മിഷനുമായി ബന്ധപ്പെട്ട വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ മിഷൻ മോണിറ്ററിംഗ് ടീമംഗം ശ്രീമതി റസി ജോർജ്ജിനെ കൃത്യമായും അറിയിപ്പ് നൽകണമെന്ന് യോഗം തീരുമാനിച്ചു.

9. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന പൂർത്തീകരണത്തിന് യഥാർത്ഥ നിർമ്മാണ ചെലവ് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ടി.പി.ടി.എ/എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം വിനിയോഗിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ ഈ സംവിധാനങ്ങൾ പൂർണ്ണമായി വിനിയോഗിച്ചിട്ടും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 500 രൂപ നിരക്കിൽ അവരുടെ തനത് ഫണ്ടിൽ നിന്നും നൽകി സേവനം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചു.

25/1/2017

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

നമ്പർ: LF/01(03)/2017

ലൈഫ് മിഷൻ കാര്യാലയം, സെക്രട്ടറിയേറ്റ്,

തിരുവനന്തപുരം. തീയതി: 23.08. 2017

## നോട്ട്

18.8.2017 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ മീറ്റിംഗിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലൈഫ് മിഷൻ

Chief Executive Officer
Life Mission
Government of Kerala

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ്

23/8/2017

T.K.JOSE. IAS
Principal Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram-695 001

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

തദ്ദേശ സ്വയംഭരണ വകുപ്പ്

11.9.17

ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

ബഹു.തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.08.2017 ന് വിളിച്ച്

ചേർത്ത ലൈഫ് മിഷൻ യോഗത്തിലെ തീരുമാനങ്ങൾ

1. അപ്പീൽ പരിശോധനയ്ക്കുള്ള സമയം നീട്ടുന്നത്

ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച കരട് പട്ടികയിന്മേൽ അപ്പീൽ നൽകുന്നതിനുള്ള സമയം ഓഗസ്റ്റ് 10 ന് അവസാനിച്ചിട്ടുള്ളതാണ്. ആദ്യഘട്ട അപ്പീൽ പരിശോധിച്ച് തദ്ദേശ സ്ഥാപനങ്ങൾ പട്ടിക പുനപ്രസിദ്ധീകരിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 20 ആണ്. എന്നാൽ തദ്ദേശ സ്ഥാപനങ്ങളിൽ വളരെയധികം അപ്പീലുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അപേക്ഷകൾ ഓഗസ്റ്റ് 20-ന് മുൻപായി പരിശോധന നടത്തി തീർക്കാൻ ബുദ്ധിമുട്ടാണ് എന്ന് പല തദ്ദേശ സ്ഥാപനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്പീൽ പരിശോധിച്ച് പട്ടിക പുനപ്രസിദ്ധീകരിക്കേണ്ട അവസാന തീയതി പുനക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**തീരുമാനം**

ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധികരിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് തീരുമാനിച്ചു.

| നടപടി | പഴയ സമയക്രമം | പുതുക്കിയ സമയക്രമം |
|---|---|---|
| ഗുണഭോക്താക്കളുടെ കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറൽ | ജൂലൈ 15 | ജൂലൈ 15 |
| കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതി | ജൂലൈ 30 | ജൂലൈ 30 |
| ആദ്യഘട്ട ആക്ഷേപങ്ങൾ | ആഗസ്റ്റ് 10 | ആഗസ്റ്റ് 10 |

| | | |
|---|---|---|
| സ്വീകരിക്കുന്ന അവസാന തീയതി | | |
| ആദ്യഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുന:പ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 20 | ആഗസ്റ്റ് 31 |
| ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി | ആഗസ്റ്റ് 25 | സെപ്റ്റംബർ 16 |
| രണ്ടാം ഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുന:പ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 31 | സെപ്റ്റംബർ 28 |
| ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം | സെപ്റ്റംബർ 01 മുതൽ 20 വരെ | ഒക്ടോബർ 3 മുതൽ 20 വരെ |
| ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം | സെപ്റ്റംബർ 25 | ഒക്ടോബർ 25 |

2. <u>മറ്റ് വകുപ്പുകളുടെ സഹകരണം</u>

**അപ്പീൽ** പരിശോധന നടത്തുന്നതിനായി കൃഷിവകുപ്പ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സഹകരിക്കുന്നില്ല എന്ന് പല തദ്ദേശ സ്ഥാപനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പീൽ നടപടികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ ടി വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പാക്കേണ്ടതുണ്ട്.

<u>തീരുമാനം</u>

**അപ്പീൽ** പരിശോധന നടത്തുന്നതിനായി ഇതര വകുപ്പുകളുടെ സഹായം നിർബന്ധമായും ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചു. എന്നാൽ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരെ ഈ ഉദ്യമത്തിൽ ഉൾക്കൊള്ളിക്കുന്നതിന് നിർബന്ധിക്കേണ്ടതില്ലെന്നും കൃഷിവകുപ്പുമായി ബന്ധപ്പെട്ട്

ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പ് മന്ത്രിക്ക് ഒരു വിവരണകുറിപ്പ് നൽകുവാനും തീരുമാനിച്ചു.

3. <u>അപ്പീൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അധിക ജീവനക്കാരെ നിയമിക്കുന്നത്</u>

തദ്ദേശ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപ്പീലുകൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ദിവസവേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനായി അനുമതി നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷ യോഗം ചർച്ച് ചെയ്തു.

<u>തീരുമാനം</u>

തദ്ദേശ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപ്പീലുകൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ദിവസവേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കേണ്ടതില്ല എന്നും ഡാറ്റാ എൻട്രി നടത്തുന്നതിലേക്കായി ആവശ്യമെങ്കിൽ കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

4. <u>ഗുണഭോക്താക്കളുടെ മുൻഗണന</u>

ക്ലേശഘടകങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നത് തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ ക്ലേശ ഘടകത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ മുൻഗണന ഗ്രാമസഭ കൂടുന്ന വേളയിൽ നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

ക്ലേശഘടകത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതായുണ്ടെന്ന് യോഗം വിലയിരുത്തി.

<u>തീരുമാനം</u>

ക്ലേശഘടകത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലേക്കായി വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകേണ്ട മാർക്ക് വിവരം ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് തീരുമാനിച്ചു.

5. **പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായുള്ള മാർഗ്ഗരേഖയിൽ പരാമർശിച്ച കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. ടി മാർഗ്ഗരേഖ കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി.

**തീരുമാനം**

1. മാർഗ്ഗരേഖ അന്തിമമാക്കുന്നതിലേക്കായി തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്നിവരുടെ ഓഫീസുകളിൽ കരട് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.
2. സ്വയം പൂർത്തീകരിക്കാനാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് കരാറുകാരെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ കൂടുതൽ ചർച്ച ആവശ്യമായതിനാൽ ഇപ്പോൾ തയ്യാറാക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളിലേയും ചംക്രമണത്തിനായി നൽകുന്നതിന് തീരുമാനിച്ചു.

6. **ഭവനസമുച്ചയങ്ങളുടെ നിർമ്മാണം**

ഭവനസമുച്ചയങ്ങളുടെ നിർമ്മാണം നടത്തുന്നതിന് ഏജൻസികൾക്ക് അനുമതി നൽകുന്നതിനെ സംബന്ധിച്ചും ഭവനസമുച്ചയങ്ങളിൽ എത്ര നിലകളാകാം എന്നത് സംബന്ധിച്ചും ചർച്ച നടന്നു.

**തീരുമാനം**

1. സർക്കാർ അംഗീകാരമുള്ള ഏജൻസികൾക്ക് ആദ്യഘട്ടത്തിൽ ലിമിറ്റഡ് ടെണ്ടർ നടത്തി നിർമ്മാണ ചുമതല നൽകുന്നതിന് യോഗം തീരുമാനിച്ചു.

| ക്രമ നം. | മുൻഗണനാമാനദണ്ഡം | ഗുണഭോക്താവിന് നൽകാവുന്ന മാർക്ക് | ആകെ മാർക്ക് | ഗുണഭോക്താവിന് ലഭിച്ച മാർക്ക് |
|---|---|---|---|---|
| 1. | റേഷൻ കാർഡ് | | 20 | |
| | എ. അന്ത്യോദയ അന്ന യോജന (AAY)<br>അല്ലെങ്കിൽ | 20 | | |
| | ബി. മുൻഗണനാ വിഭാഗം (Priority) | 10 | | |
| 2 | എ.ഗ്രാമീണമേഖലയിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏതെങ്കിലുമൊരു വർഷം 20 ദിവസമെങ്കിലും തൊഴിൽ ചെയ്ത കുടുംബങ്ങൾ<br>അല്ലെങ്കിൽ | 10 | 10 | |
| | ബി. നഗരപ്രദേശത്ത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏതെങ്കിലുമൊരു വർഷം 5 ദിവസമെങ്കിലും തൊഴിൽ ചെയ്ത കുടുംബങ്ങൾ | | | |
| 3 | എ. സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്നവർ<br>അല്ലെങ്കിൽ | 10 | 10 | |
| | ബി. സാമൂഹ്യ ക്ഷേമ പെൻഷൻ ലഭ്യമല്ലാത്ത കുടുംബങ്ങൾ എന്നാൽ 70 വയസ്സിനുമേൽ പ്രായമുള്ളവർ ഉൾപ്പെട്ട കുടുംബങ്ങൾ | 5 | | |
| 4 | തൊഴിൽ<br>എ. കൂലിവേല<br>അല്ലെങ്കിൽ<br>ബി. മത്സ്യതൊഴിലാളി<br>അല്ലെങ്കിൽ<br>സി. തോട്ടംതൊഴിലാളി<br>അല്ലെങ്കിൽ<br>ഡി. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ | 10 | 10 | |
| 5 | നിലവിലെ താമസ സ്ഥലം | | 10 | |
| | എ. തുറസ്സായ സ്ഥലത്ത് താമസിക്കുന്നവർ<br>അല്ലെങ്കിൽ<br>ബി. ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവർ | 10 | | |
| | സി. ബന്ധുഭവനം<br>അല്ലെങ്കിൽ<br>ഡി. വാടക | 5 | | |
| 6 | സ്ത്രീകൾ മാത്രമുള്ള കുടുംബം | 15 | 15 | |
| 7 | 40 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ പെൺകുട്ടികൾ ഉൾപ്പെട്ട കുടുംബം | 20 | 20 | |
| 8 | വിവാഹമോചിതരായ സ്ത്രീകൾ ഉൾപ്പെട്ട കുടുംബം | 5 | 5 | |
| | ആകെ | | 100 | |

ഒരേമാർക്ക് ലഭിക്കുന്ന സാഹചര്യങ്ങളിൽ മുൻഗണന നിശ്ചയിക്കുന്നതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഗൃഹനാഥന്റെ വയസ്സ്
2. കുടുംബങ്ങളുടെ എണ്ണം

ലഭ്യമാകുന്നതിന് സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി. ലൈഫ് മിഷനുമായി സഹകരിക്കുന്ന സമാനമായ മുഴുവൻ സ്ഥാപനങ്ങളെയും സഹകരിപ്പിക്കുവാൻ തീരുമാനിച്ചു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

Chief Executive Officer
Life Mission
Government of Kerala

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

23/8/2017
T.K. JOSE. IAS
Principal Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram-695 001

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
തദ്ദേശ സ്വയംഭരണ വകുപ്പ്

11.9.17
ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

## ലൈഫ് മിഷൻറെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിൽ 26.04.2017-ൽ വിളിച്ച ചേർത്ത യോഗത്തിൻറെ മിനിറ്റ്സ്

ലൈഫ് മിഷൻറെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി 26.04.2017-ൽ നിയമസഭാ മന്ദിരത്തിൽ, ആദ്യഘട്ടത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, സെക്രട്ടറിമാർ, എൻജിനീയർമാർ, എന്നിവരുടെ ഒരു യോഗം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടി. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികയും ഭൂമികളുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.

സർക്കാരിന്റെ ഒന്നാം വാർഷികത്തിനോടനുബന്ധിച്ച് 2017 മേയ് 25-ന് മുമ്പ് സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ ഭവനസമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ 05.04.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിൽ തീരുമാനിച്ചിട്ടുള്ള വിവരം ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു നിലവിൽ ഭൂമി കണ്ടെത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം നടത്തുമ്പോൾ ഭൂമി ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതരെയും പുനരധിവസിപ്പിച്ച ശേഷം സ്ഥലം ലഭ്യമെങ്കിൽ അയൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും ബഹു: മന്ത്രി ആമുഖമായി യോഗത്തെ അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. നിലവിൽ ലൈഫ് മിഷന്റെ ആവശ്യത്തിലേക്കായി കണ്ടെത്തിയിട്ടുള്ള ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള ഭരണ സമിതി തീരുമാനം എടുത്തിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി തീരുമാനം എടുത്ത് ലൈഫ് മിഷനെ അറിയിക്കേണ്ടതാണ്.

2. ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി 5 മുതൽ 6 വരെ architectural design-കൾ ലൈഫ് മിഷൻ തദ്ദേശ സ്ഥാപനങ്ങളുടെ പരിഗണനക്കായി നൽകുന്നതായിരിക്കും. ഓരോ സ്ഥലത്തിന്റെയും പ്രത്യേകത അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇഷ്ടമുള്ള design തിരഞ്ഞെടുക്കാവുന്നതാണ്. Design ലൈഫ് മിഷൻ അഞ്ച് ദിവസത്തിനുള്ളിൽ തയ്യാറാക്കി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ടതും, ലൈഫ് മിഷൻ Website-ൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇതിന് പുറമേ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വന്തമായോ, പുറംസഹായത്തോടെയോ പുതിയ ഡിസൈനുകൾക്ക് രൂപം നൽകാവുന്നതും ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതുമാണ്.

3. ഭവന സമുച്ചയങ്ങൾ G+3 മാതൃകയിൽ നിർമ്മിക്കുന്നതിനും, സമുച്ചയങ്ങളിൽ ആകെ 32/24 എണ്ണം ( 8 x 4 / 6 x 4) ഫ്ലാറ്റുകൾ ആദ്യ ഘട്ടത്തിൽ നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ മൂല്യം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പരിഗണിച്ച് കൂടുതൽ നിലകൾ നിർമ്മിക്കാവുന്നതാണ്. ഭവന സമുച്ചയങ്ങളിലെ ഒരു യൂണിറ്റിന് കുറഞ്ഞത് 500 ചതുരശ്രഅടി carpet area ഉണ്ടാകണം എന്നും എന്നാൽ plinth area 600 ചതുരശ്രഅടി അധികരിക്കാൻ പാടില്ല എന്നും തീരുമാനിച്ചു. രണ്ട് കിടക്കമുറി, അടുക്കള, കുളിമുറി, ഒരു multi purpose room, വരാന്ത/ബാൽക്കണി എന്നിവയും ഉൾപ്പെടുന്ന രൂപത്തിൽ design ചെയ്യേണ്ടതാണ്.

4. തിരുവനന്തപുരം, കൊച്ചി പോലെ സ്ഥല ലഭ്യത കുറവും ജനസംഖ്യ കൂടുതലും ഉള്ള നഗരങ്ങളിൽ കൂടുതൽ നിലകൾ ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

5. 25-ൽ കൂടുതൽ ഫ്ലാറ്റുകൾ വരുന്ന ഭവന സമുച്ചയങ്ങളിൽ അംഗനവാടി, multy purpose hall എന്നിവയുമുള്ള സൗകര്യം ഉണ്ടാകണം.

6. ഭവനസമുച്ചയങ്ങളുടെ ഡിസൈൻ തയ്യാറാക്കുമ്പോൾ ലഭ്യമായ സ്ഥലത്തിന്റെ മുഴുവൻ development layout തയ്യാറാക്കേണ്ടതാണ്.

7. Soil test നടത്തുന്ന സ്ഥാപനങ്ങളുടെ വിവരം ചീഫ് എഞ്ചിനീയർ ലഭ്യമാക്കുന്നതാണ്. Soil test നടത്തുന്നതിനുള്ള ചെലവ് തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ട് / തനതു ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ 7 ദിവസത്തിനകം soil test നടത്തേണ്ടതാണ്. Soil test, structural design എന്നിവയ്ക്കുള്ള ചെലവുകൾ പദ്ധതിയുടെ ഭാഗം ആക്കേണ്ടതാണ്.

8. Structural design തയ്യാറാക്കുന്നതിന് നിലവിൽ അംഗീകൃത എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെങ്കിലും അവർ കാലതാമസം ഉണ്ടാക്കാൻ സാധ്യത ഉള്ളതിനാൽ TRIDA, GCDA, KITCO എന്നിവരുടെ സഹായം പരമാവധി ഉറപ്പു വരുത്തേണ്ടതാണ്. ഒരാഴ്ച്ചക്കകം Structural design തയ്യാറാക്കി നല്കാൻ സന്നദ്ധരായ സ്ഥാപനങ്ങളെ തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ആയതിനുള്ള ചെലവ് പദ്ധതി തുകയായി കണക്കാക്കാവുന്നതാണ്.

9. EXECUTION AGENCY-കളെ EMPANEL ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം EMPANEL ചെയ്യുന്ന ഏജൻസികളിൽ നിന്നും financial quote വഴി തദ്ദേശ സ്ഥാപനങ്ങൾക്ക് ഏജൻസികളെ തിരഞ്ഞെടുക്കാവുന്നതാണ്. ULCCS, HABITAT, COSTFORD എന്നീ AGENCY-കളെ നിലവിൽ approved AGENCY-കളായി ധനവകുപ്പ് ഉത്തരവായിട്ടുള്ളതാണ് എന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇവരെ നേരിട്ട് പണി ഏല്പിക്കാവുന്നതാണ്? ഏജൻസികളെ തെരഞ്ഞെടുക്കുമ്പോഴും കരാർ വയ്ക്കുമ്പോഴും നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

10. T.S നൽകുന്നതിനു ലൈഫ് മിഷൻ T.S കമ്മിറ്റി രൂപീകരിക്കാൻ താമസം ഉണ്ടാകും എന്നതിനാൽ നിലവിലെ നടപടിക്രമം പലിക്കാവുന്നതാണ്. ആദ്യഘട്ട ഭാവനസമുച്ചയ നിർമ്മാണ പ്രവൃത്തികൾക്ക് ഏഴ് ദിവസത്തിനുള്ളിൽ T.S. ലഭ്യമാക്കുന്നു എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയർ ഉറപ്പു വരുത്തേണ്ടതാണ്.

11. Measurement, check measurement എന്നിവയ്ക്ക് നിലവിലെ നടപടിക്രമം പലിക്കാവുന്നതാണ്. ആയതിന് യോഗ്യതയുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിൽ ഇല്ലായെങ്കിൽ കാലതാമസം കൂടാതെ പ്രസ്തുത ജോലികൾ നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയർ പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.

12. Accredited agency-കൾക്ക് advance നൽകുന്നതുമായി ബന്ധപ്പെട്ട പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

13. ഭവനസമുച്ചയങ്ങളിൽ കുടിവെള്ളം, വൈദ്യുതി, മാലിന്യ സംസ്ക്കരണ സംവിധാനം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, rain water harvesting, pump house എന്നിവക്കുള്ള provision ഉണ്ടായിരിക്കേണ്ടതാണെന്നും ആയതിനു കൃത്യമായ ഒരു service plan ഉണ്ടായിരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

14. എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് വേണം നിർമ്മാണം നടത്തേണ്ടത്. ആയത് ബന്ധപ്പെട്ട തദ്ദേശസ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്.

15. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണം എന്നാ രീതിയിൽ കെട്ടിടത്തിന് പ്രത്യേക നിർമ്മാണ അനുമതി ആവശ്യമില്ലായെങ്കിലും KPBR/KMBR എന്നിവ പാലിക്കപ്പെടുന്നു എന്ന് അതത് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

16. Building materials നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ ആവശ്യമായ നിർമ്മാണ സാമഗ്രികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

17. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക തൽക്കാലം ODF മാതൃകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വികസന ഫണ്ട് / തനതു ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്. വകയിരുത്തിയ തുക ODF മാതൃകയിൽ സർക്കാർ recoup ചെയ്യുന്നതാണ്. ആയതിന് പ്രത്യേക ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

18. നഗര പ്രദേശങ്ങളിൽ നിർമ്മിക്കുന്ന ഭവനസമുച്ചയങ്ങൾ PMAY (U) പദ്ധതിയുടെ Insitu development-മായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്. ആയതിന് കേന്ദ്രവിഹിതം തേടുന്നതിന് SLNA ആയ കുടുംബശ്രീയെ ചുമതലപ്പെടുത്തി.

19. ആദ്യഘട്ട ഭവനസമുച്ചയ നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ള 14 തദ്ദേശ സ്ഥാപനങ്ങളിൽ ലൈഫ് സർവ്വേ വെരിഫിക്കേഷൻ ഏപ്രിൽ 30-ന് മുമ്പ് പൂർത്തീകരിക്കണം. ആയത് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്. ആയതിൽ നിന്ന് ഭൂരഹിതരുടെ data entry ആദ്യം നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ പട്ടിക മേയ് 20-ന് മുൻപായി പ്രസിദ്ധീകരിക്കേണ്ടതാണ്.

20. താഴെ പറയുന്ന എട്ട് ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. ആയത് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(i)മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ

(ii)അഗതികൾ

(iii)അംഗവൈകല്യമുള്ളവർ

(iv)ഭിന്നലിംഗക്കാV

(v)ഗുരുതര മാരകരോഗമുള്ളവർ

(vi)അവിവാഹിതരായ അമ്മമാർ

(vii)രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ

(viii)വിധവകൾ

(ix) HIV +ve ആയ വ്യക്തികൾ ഉള്ള കുടുംബങ്ങൾ

**21.** സർവ്വേ ലിസ്റ്റിൽ നിന്ന് അർഹതപ്പെട്ടവർ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ അപ്പീൽ സമയത്തോ അല്ലെങ്കിൽ ലൈഫ് മിഷൻ മാനദണ്ഡപ്രകാരം സെക്രട്ടറിക്ക് നേരിട്ടോ ഉൾപ്പെടുത്തി അന്തിമ പട്ടിക കുറ്റമറ്റതാണ് എന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

**22.** പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട തൊഴിൽരഹിതരെ കണ്ടെത്തി ഇവർക്ക് skill training നൽകുന്നതിനുള്ള നടപടികൾ LIFE Mission CEO, കുടുംബശ്രീ DMC-മാരുമായി ബന്ധപ്പെട്ട സ്വീകരിക്കേണ്ടതാണ്

**23.** ഒരു റേഷൻകാർഡ് ഒരു കുടുംബം എന്ന് കണക്കാക്കിയാകണം വീട് നൽകേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ട് എന്നും ആയത് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പ് വരുത്തണമെന്നും തീരുമാനിച്ചു

**24.** ഭവന സമുച്ചയങ്ങളുടെ നിർമ്മാണം സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് ആരംഭിക്കേണ്ടതിനാൽ മെയ് 15 നും 25 നും ഇടയിൽ ഭവന സമുച്ചയങ്ങളുടെ ശിലാസ്ഥാപനം നടത്താൻ കഴിയും വിധം നടപടികൾ സ്വീകരിക്കേണ്ടതാണ്.

**25.** 14 ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം കേരളപ്പിറവി ദിനത്തിന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

26. തിരുവനന്തപുരം ജില്ലയിൽ ബഹു: മുഖ്യമന്ത്രിയും, മറ്റു ജില്ലകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിയും ശിലാസ്ഥാപനം നടത്തുന്ന രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ് . ഇതിനായി ജില്ലയുടെ ചാർജ് വഹിക്കുന്ന മന്ത്രി, സ്ഥലം എം.എൽ.എ. എന്നിവരുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

യോഗം 5 മണിക്ക് അവസാനിച്ചു.

23. ഒരു റേഷൻകാർഡ് ഒരു കുടുംബം എന്ന് കണക്കാക്കിയാകണം വീട് നൽകേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ട് എന്നും ആയത് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പ് വരുത്തണമെന്നും തീരുമാനിച്ചു.

24. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് ആരംഭിക്കേണ്ടതിനാൽ! മെയ് 15നും 25നും ഇടയിൽ! ഭവന സമുച്ചയങ്ങളുടെ ശിലാസ്ഥാപനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

25. 14 ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം കേരളപ്പിറവി ദിനത്തിന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

26. തിരുവനന്തപുരം ജില്ലയിൽ ബഹു: മുഖ്യമന്ത്രിയും, മറ്റു ജില്ലകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിയും ശിലാസ്ഥാപനം നടത്തുന്ന രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ് . ഇതിനായി ജില്ലയുടെ ചാർജ്ജ് വഹിക്കുന്ന മന്ത്രി, സ്ഥലം എം.എൽ.എ. എന്നിവരുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

യോഗം 5 മണിക്ക് അവസാനിച്ചു.

27/4/2017

2.5.17

Dr. K.T. JALEEL
Minister for LSG, Minority Welfare, Haj & Wakf

**Minutes of Life Mission**

GOVERNMENT OF KERALA

No.109/DB1/2016/LSGD

Local Self Government (DB) Department
Thiruvananthapuram, Dated:04/05/2017.

NOTE

Minutes of the meeting held on 20-04-2017 regarding Life Mission is enclosed herewith for information.

Kindly bring this to the notice of Hon'ble Minister.

A.K. Mohanakumar
Joint Secretary.

To

P.S to Hon'ble Minister(LSGD)

**20.04.2017- ന് ബഹു:തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ തീരുമാനങ്ങൾ.**

- ആദ്യ ഘട്ടത്തിൽ ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനായി 14 ജില്ലകളിൽ നിന്നും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമികൾ ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനായി നിയമപരമായും, സാങ്കേതികപരമായും, മറ്റെല്ലാ വിധത്തിലും അനുയോജ്യമാണ് എന്ന് പരിശോധിക്കേണ്ടതായുണ്ട്. ആയതിലേക്കായി ജില്ലാ തലത്തിൽ കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേറ്റർ , തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , ജില്ല ടൗൺ പ്ലാനർ, എന്നിവർ ഉൾപ്പെട്ട ടീം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ പ്രസിഡന്റ് , സെക്രട്ടറി, എഞ്ചിനീയർ എന്നിവരുടെ കൂടി സഹകരണത്തോടെ ഭൂമിയുടെ പരിശോധന നടത്തേണ്ടതാണ്. പരിശോധന റിപ്പോർട്ട് 22.04.17 - ന് മുന്പായി സമർപ്പിക്കേണ്ടതാണ് .ജില്ല തലത്തിൽ കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേറ്റർ പരിശോധന എകോപിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .
- എല്ലാ ജില്ലകളിലും മെയ് മാസം 20 ന് മുന്പായി ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ നിർമാണം ആരംഭിക്കുന്നതിനു തീരുമാനിച്ചു.
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണ ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിൽ ബഹു; മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും മറ്റു ജില്ലകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിലും നടത്തുന്നതിന് തീരുമാനിച്ചു
- ആദ്യ ഘട്ടം നിർമാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിലവിൽ അനുയോജ്യം എന്ന് കണ്ടെത്തിയിട്ടുള്ള ഭൂമി സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ, സെക്രട്ടറിമാർ, എഞ്ചിനീയർമാർ എന്നിവരുടെ ഒരു യോഗം 26.04.17 ന് 3.00pm ന് വിളിച്ച് ചേർക്കാൻ തീരുമാനിച്ചു.
- ആദ്യ ഘട്ടത്തിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക ODF മാതൃകയിൽ തദ്ദേശ സ്ഥാപനങ്ങൾ അവരുടെ പദ്ധതി / തനതു ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും , വകയിരുത്തിയ തുക പിന്നീട് recoup ചെയ്തു നൽകുന്നതിനും

തീരുമാനിച്ചു.ആയതിനുള്ള ഉത്തരവ് ഇറക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

- ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ ആദ്യ ഘട്ടം അടിയന്തിരമായി നിർമാണം നടത്തേണ്ടതിനാലും,വിവിധ മാതൃകകൾ നിലവിൽ ലഭ്യമല്ലാത്തതിനാലും ഭവന സമുച്ചയ നിർമാണത്തിനുള്ള ഒരു **type design** തയ്യാറാക്കി **24.04.17**ന് മുൻപായി നൽകുന്നതിനു നിർമിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി തീരുമാനിച്ചു. തുടർന്നുള്ള ഘട്ടങ്ങളിൽ വിവിധ മാതൃകകൾ രൂപപ്പെടുത്തുന്നതിനായി പ്രൊഫഷണൽ / കോളേജ് വിദ്യാർത്ഥികൾ, തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ഒരു മത്സരം സംഘടിപ്പിക്കുന്നതിനും ആയതിനു ആകർഷകമായ സമ്മാനം നൽകുന്നതിനും തീരുമാനിച്ചു.
- ഭവന സമുച്ചയങ്ങളുടെ നിരമാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
- **G+3** മാതൃകയിൽ നിർമിക്കുന്ന സമുച്ചയങ്ങളിൽ ആകെ **32/24** എണ്ണം ( **8 x 4 / 6 x 4**) ഫ്ലാറ്റുകൾ ആദ്യ ഘട്ടത്തിൽ നിർമിക്കാൻ തീരുമാനിച്ചു.
- ഭവന സമുച്ചയങ്ങളിലെ ഒരു യൂണിറ്റിന് കുറഞ്ഞത് **500** ചതുരശ്രഅടി **carpet area** ഉണ്ടാകണം എന്നും എന്നാൽ **plinth area 600** ചതുരശ്രഅടി അധികരിക്കാൻ പാടില്ലാ എന്നും തീരുമാനിച്ചു. **2** കിടക്കമുറി ,അടുക്കള, ടോയലെറ്റ്,ഒരു **multi purpose room,**വരാന്ത/ ബാല്ക്കണി എന്നിവയും ഉൾപ്പെടുന്ന രൂപത്തിൽ **design** ചെയ്യുന്നതിനു തീരുമാനിച്ചു.
- ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനുള്ള **soil test**, സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് ഗവ / aided എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് . ആദ്യ ഘട്ടത്തിൽ നിർമാണം ആരംഭിക്കുന്നതിലെക്കായി ഗവ / aided എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായം ലഭിക്കാൻ താമസം ഉണ്ടാകും എന്നതിനാൽ **soil test**,സ്ട്രക്ചറൽ ഡിസൈൻ, തയ്യാറാക്കുന്ന അംഗീകൃത ഏജൻസി/empannelled ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനുള്ള അനുമതിയും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനിച്ചു. ഇതിനാവശ്യമായ തുക പദ്ധതി / തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു. ആയതിനുള്ള വിശദമായ ഉത്തരവ് ഇറക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

- e-tender അല്ലെങ്കിൽ Life Mission-ന് വേണ്ടി accredit ചെയ്യുന്ന agency കൾ മുഖേന ഭവന സമുച്ചയങ്ങളുടെ നിർമാണം ആരംഭിക്കുന്നതിനു തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നല്കാൻ തീരുമാനിച്ചു
- e-tender മുഖേനെ നിർവഹണം നടത്തുമ്പോൾ നിലവിൽ തുടരുന്ന നടപടി ക്രമങ്ങൾ തന്നെ തുടരുന്നതിന് തീരുമാനിച്ചു.
- ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനായി CREDAI, BAI തുടങ്ങിയ സംഘടനകളിൽ ഉൾപ്പെട്ട നിർമാണ കമ്പനികളുടെയും മറ്റു നിർമാണ കമ്പനികളുടെയും സഹകരണം ഉറപ്പാക്കുന്നതിനും , യോഗ്യതയുള്ള ഏജൻസികളെ empanal ചെയ്യുന്നതിനുമായി 27.04.17 ന് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കാൻ ലൈഫ് മിഷനെ ചുമതലപ്പെടുത്തി .
- ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനായി CREDAI, BAI തുടങ്ങിയ സംഘടനകളിൽ ഉൾപ്പെട്ട നിർമാണ കമ്പനികളെ accredit ചെയ്യുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകുന്നതിനു തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു, കൂടാതെ accredited ഏജൻസികളിൽനിന്നും financial quote എടുക്കുന്നതിനായുള്ള document തയ്യാറാക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
- ലൈഫ് മിഷൻ T.S കമ്മിറ്റി രൂപീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് / CTP എന്നിവിടങ്ങളിൽ നിന്നും പത്തു വീതവും , ഹൗസിംഗ് ബോർഡിൽ നിന്നും 5 വീതവും മിഷൻ മാതൃകയിൽ പ്രവർത്തിക്കാൻ തയ്യാറുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ ലിസ്റ്റ് 25.04.17 ന് മുന്പായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നല്കാൻ ചീഫ് എഞ്ചിനീയർ,ചീഫ് ടൗൺ പ്ലാന്നർ , ഹൗസിംഗ് ബോർഡ് എന്നിവരെ ചുമതലപ്പെടുത്തി .

SIGN HERE

ബഹ: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20/04/2017 - ന് കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിന് പങ്കെടുത്തവർ.

1. ഡോ. കെ.റ്റി ജലീൽ, തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി.
2. റ്റി.കെ. ജോസ്. ഐ.എ.എസ്, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ശ്രീ. അനിൽകുമാർ, സീ.റ്റി.പി (വിജിലൻസ്)
4. ശ്രീ. രാജേഷ്, പി.എൻ സി.റ്റി.പി (വിജിലൻസ്)
5. ശ്രീമതി ഉഷകുമാരി. പി.ആർ, എസ്.റ്റി.പി
6. ശ്രീമതി. ഊർമിള രാജ്. വി, ഡെപ്യൂട്ടി
7. ജയൻ. ആർ. സി.റ്റി.ഒ
8. ശ്രീ. രാജീവ് കരിയിൽ, സി.ഇ, കെ.എസ്.എച്ച്.ബി.
9. ശ്രീമതി. ഗീതാകൃഷ്ണൻ. കെ.എൽ, എ.ഇ.ഇ
10. ശ്രീ.കെ. രമണൻ. സീ.റ്റി.പി
11. ശ്രീ. എം.പി. അജിത് കുമാർ അഡീഷണൽ ഡയറക്ടർ
12. ശ്രീ. ഷാജി ജോസഫ്, സി.റ്റി.പി, പ്ലാനിംഗ്.

# ലൈഫ് മിഷൻ – ബഹു : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.03.2017–ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

സമ്പൂർണ്ണ പാർപ്പിട ദൗത്യം - ലൈഫ് മിഷന്റെ അവലോകന യോഗം 30.03.2017–ന് രാവിലെ 11 മണിക്ക് ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേര് വിവരം പ്രത്യേകമായി ചേർത്തിരിക്കുന്നു.

04/04/2017–ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ലൈഫ് മിഷൻ യോഗത്തിൽ പരിഗണിക്കുന്നതിനായി താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുവാൻ തീരുമാനിച്ചു.

## 1. ഗുണഭോക്താക്കളെ നിശ്ചയിക്കൽ

- എട്ട് ക്ലേശഘടകങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ആദ്യ ഘട്ടത്തിൽ പരിഗണിക്കേണ്ടതാണ്. കൂടാതെ Kerala State Aids Control Society ലഭ്യമാക്കുന്ന ഭൂരഹിത–ഭവനരഹിതരേയും ആദ്യ ഘട്ടത്തിൽ പരിഗണിക്കേണ്ടതാണ്.
- നിലവിൽ ഭവനം ഇല്ലാത്തവർക്കും ചുവരും മേൽക്കൂരയും ദൃഢതയില്ലാത്തതും സ്ഥിരതയില്ലാത്തതുമായ ഭവനങ്ങൾ ഉള്ള കുടുംബങ്ങൾക്കും മുൻഗണന നൽകണം.

- ഇറസ്സായ സ്ഥലങ്ങളിലും വാടക വീടുകളിലും താമസിക്കുന്നവർക്കും ആദ്യ ഘട്ടത്തിൽ മുൻഗണന നൽകണം

- ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ച് ഭവന നിർമ്മാണത്തിന് പ്രഥമ പരിഗണന നൽകണം

- അന്തിമ ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ട കുടുംബങ്ങൾ
  - നാല് ചക്ര വാഹനം സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കുടുംബം
  - സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെട്ട കുടുംബം
  - സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങുന്നവർ ഉൾപ്പെട്ട കുടുംബം
  - ഗ്രാമ പ്രദേശങ്ങളിൽ 25 സെന്റിന് മുകളിലും മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ അഞ്ച് സെന്റിന് മുകളിലും ഭൂമിയുള്ള കുടുംബങ്ങൾ (പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയുടെ ഉയർന്ന പരിധി ബാധകമല്ല)

## 2. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം

- 2017 മെയ് 25-ന് മുമ്പ് സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കണം
- ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിനായി Prefab, Pre-manufactured സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി നിർവഹണ ഏജൻസികളെ empanel ചെയ്യണം
- CREDAI-യിൽ ഉൾപ്പെട്ടിട്ടുള്ള പ്രഗൽഭരായ നിർമ്മാണ കമ്പനികളെ /ഏജൻസികളെയും UZHALUNGAL LABOUR CONTRACT CO-OPERATIVE SOCIETY-യെയും ജില്ലാ അടിസ്ഥാനത്തിൽ ഭവന നിർമാണത്തിനുള്ള ഡി.പി.ആർ. (design, estimate ഉൾപ്പെടെ) തയ്യാറാക്കുന്നതിനും ഭവന നിർമ്മാണം നടത്തുന്നതിനുമുള്ള ചുമതല ഏൽപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് 2014-ലെ ഡി.എസ്.ആർ. റേറ്റ് (അല്ലാത്ത പക്ഷം നിലവിലെ S.O.R.) പിന്തുടരാനും അധികമായി വേണ്ടി വരുന്ന പക്ഷം ആയത് നിർവഹണ ഏജൻസികളുടെ വിഹിതം / സി.എസ്.ആർ. ഫണ്ട് / സംഭാവനകൾ എന്നിവയിൽ നിന്ന് കണ്ടെത്തുന്നതിനും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നൽകുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി ഒരു സംസ്ഥാനതല ടി.എസ്. കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു

- നാല് പേരടങ്ങുന്ന പ്രസ്തുത കമ്മിറ്റിയിൽ ഒരു Architect-ഉം മൂന്ന് സിവിൽ എൻജിനീയർമാരും ഉൾപ്പെടും.
- മൂന്ന് സിവിൽ എൻജിനീയർമാരിൽ ഒരാൾ തദ്ദേശ സ്വയംഭരണ വകുപ്പിലെയോ മറ്റ് സർവ്വീസിൽ നിന്ന് വിരമിച്ചതോ ആയ സൂപ്രണ്ടിംഗ് എൻജിനീയറുടെ പദവിയിൽ ഉള്ള ഉദ്യോഗസ്ഥൻ ആയിരിക്കണം.
- മറ്റ് രണ്ട് സിവിൽ എൻജിനീയർമാർ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് / ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നവർ ആയിരിക്കും.
- നാല് പേരടങ്ങുന്ന പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുന്ന ഒരാൾ എങ്കിലും M-Tech Structural Engineer ആയിരിക്കും ( I.I.T.യിൽ നിന്ന് ബിരുദം നേടിയവർക്ക് മുൻഗണന).
- പ്രസ്തുത കമ്മിറ്റിക്ക് ഉയർന്ന പരിധിയില്ലാതെ ഭവന സമുച്ചയ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാരമുണ്ടായിരിക്കും.
- ആദ്യ ഘട്ടത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള മുഴുവൻ ചെലവും (D.S.R. നിരക്ക്) സർക്കാർ വഹിക്കുന്നതാണ്
- ഭവന സമുച്ചയങ്ങൾ, ഗ്രൗണ്ട് ഫ്ലോർ + 3 നില മാതൃകയിൽ നിർമ്മിക്കുവാൻ തീരുമാനിച്ചു

## 2. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം

- 2017 മെയ് 25-ന് മുമ്പ് സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കണം
- ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിനായി Prefab, Pre-manufactured സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി നിർവഹണ ഏജൻസികളെ empanel ചെയ്യണം
- CREDAI-യിൽ ഉൾപ്പെട്ടിട്ടുള്ള പ്രഗത്ഭരായ നിർമ്മാണ കമ്പനികളെ /ഏജൻസികളെയും UZHALUNGAL LABOUR CONTRACT CO-OPERATIVE SOCIETY-യെയും ജില്ലാ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനുള്ള ഡി.പി.ആർ. (design, estimate ഉൾപ്പെടെ) തയ്യാറാക്കുന്നതിനും ഭവന നിർമ്മാണം നടത്തുന്നതിനുമുള്ള ചുമതല ഏൽപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് 2014-ലെ ഡി.എസ്.ആർ. റേറ്റ് (അല്ലാത്ത പക്ഷം നിലവിലെ S.O.R.) പിന്തുടരാനും അധികമായി വേണ്ടി വരുന്ന പക്ഷം ആയത് നിർവഹണ ഏജൻസികളുടെ വിഹിതം / സി.എസ്.ആർ. ഫണ്ട് / സംഭാവനകൾ എന്നിവയിൽ നിന്ന് കണ്ടെത്തുന്നതിനും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നൽകുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി ഒരു സംസ്ഥാനതല ടി.എസ്. കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു

- നഗരങ്ങളിൽ നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങൾ പി.എം.എ.വൈ. (അർബൻ) *In-situ*-വിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.
- ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനുതകുന്ന ഭൂമി ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ കലക്ടർമാർ കണ്ടെത്തി നൽകേണ്ടതാണ്. അങ്ങനെ കണ്ടെത്തുന്ന ഭൂമിയിൽ ഭവന സമുച്ചയ നിർമ്മാണത്തിന് യാതൊരുവിധ നിയമ തടസ്സങ്ങളും ഇല്ലായെന്ന് ജില്ലാ കലക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയർമാരുടെയോ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെയോ സഹായത്തോടെ പ്രസ്തുത ഭൂമി ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കേണ്ടതുമാണ്.
- തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്
- മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമി ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടാവുന്നതാണ്
- ഭൂമി ലഭ്യമാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളെ പുനരധിവസിപ്പിച്ച ശേഷം മാത്രമേ ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളെ പരിഗണിക്കുകയുള്ളൂ.

## 3. ധനസമാഹരണം

- വ്യക്തിഗത ഭവന നിർമ്മാണം നടത്തുന്ന ഗുണഭോക്താക്കൾക്ക് നൽകുന്ന ധനസഹായത്തിന്റെ മൂന്നിലൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.
- ഗ്രാമീണ മേഖലയിൽ പ്രസ്തുത തുക 25:40:35 എന്ന അനുപാതത്തിൽ യഥാക്രമം ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതാണ്
- നഗര പ്രദേശങ്ങളിൽ പ്രസ്തുത തുക നഗരസഭകൾ കണ്ടെത്തേണ്ടതാണ്
- നഗരസഭകളിൽ വസ്തുവുള്ള മുഴുവൻ ഗുണഭോക്താക്കളെയും പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) പദ്ധതിയിൽ ഉൾപ്പെടുത്തണം
- ഗ്രാമീണ മേഖലയിൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം) പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം.
- വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ നൽകുന്ന യൂണിറ്റ് കോസ്റ്റും ലൈഫ് മിഷൻ മുഖേന നൽകുവാൻ തീരുമാനിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റും തമ്മിലുള്ള വ്യത്യാസം ഏകീകരിക്കുന്നതിനുള്ള ബാക്കി തുക ലൈഫ് മിഷനിൽ നിന്നോ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നോ ലഭ്യമാക്കുന്നതാണ്.

- സി.എസ്.ആർ. മുഖേന ലൈഫ് മിഷന് ഫണ്ട് സ്വരൂപിക്കുന്നതിനായി വ്യാപക പ്രചാരണം നൽകേണ്ടതാണ്. ഇതിനായി ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു brochure തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.
- ലൈഫ് മിഷനിലേക്ക് സംഭാവനകൾ നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇൻകം ടാക്സ് നിയമത്തിലെ 80G വകുപ്പിന്റെ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.
- ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി വിദേശത്ത് നിന്നുള്ള സംഭാവനകളും സ്വീകരിക്കാവുന്നതാണ്. സംഭാവനകൾ കുടുംബശ്രീ സ്വീകരിച്ച് ലൈഫ് മിഷന് കൈമാറേണ്ടതാണ്.
- ഇത്തരത്തിൽ വിദേശ സംഭാവനകൾ സ്വീകരിക്കുന്നതിനായി കുടുംബശ്രീ ജനറൽ ബോഡി കൂടി ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.
- ലൈഫ് മിഷന്റെ ധനസമാഹരണത്തിന് ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് വായ്പ എടുക്കുന്നത് സംബന്ധിച്ചും KIIFB മുഖേന സംസ്ഥാന സർക്കാർ ഒന്നാകെ വായ്പ എടുക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്യുകയും ഇതിന്റെ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.
- നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന PMAY (Urban), PMAY (Rural) മറ്റ് വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവയുടെ യൂണിറ്റ് കോസ്റ്റിൽ ലൈഫ്

മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റുമായി വ്യത്യാസമുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട വകുപ്പ് അല്ലെങ്കിൽ ലൈഫ് മിഷൻ അധിക തുക നൽകി ഏകീകരിക്കുന്നതാണ്. പ്രസ്തുത വിഷയം ലൈഫ് മിഷൻ യോഗത്തിൽ തീരുമാനിച്ച ശേഷം ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കുവാൻ തീരുമാനിച്ചു.

- ലൈഫ് മിഷൻ യോഗത്തിൽ തീരുമാനിച്ച യൂണിറ്റ് കോസ്റ്റും ബഹു. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ യൂണിറ്റ് കോസ്റ്റും തമ്മിലുള്ള വ്യത്യാസം അടുത്ത യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ തീരുമാനിച്ചു.

## 4. എം.ഐ.എസ്.

- ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിനും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന പദ്ധതികളിലേക്ക് അവരെ അനുവദിച്ച് കൊടുക്കുന്നതിനും ഒരു software/MIS തയ്യാറാക്കേണ്ടതുണ്ട്. ഇതിന് സാങ്കേതിക പരിജ്ഞാനമുള്ള ഒരു ഏജൻസിയെ കണ്ടെത്തുവാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

## 5. പൂർത്തീകരിക്കാത്ത ഭവനങ്ങൾക്കുള്ള ധനസഹായം

- സർക്കാരിന്റെ ധനസഹായത്താലോ വിവിധ സംഘടനകളുടെ ധനസഹായത്താലോ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഭവന നിർമ്മാണത്തിന് അനുവദിച്ച തുക/പൂർത്തീകരിച്ച ഘട്ടം പരിഗണിച്ച് ലൈഫ്

മിഷൻ നിശ്ചയിക്കുന്ന യൂണിറ്റ് നിരക്കിന്റെ ബാക്കി നൽകുന്നതിന് താഴെ ചേർത്തിട്ടുള്ള മാനദണ്ഡം പാലിക്കാവുന്നതാണ്.

| ഘട്ടം | ഓരോ ഘട്ടത്തിനും അനുവദിക്കുന്ന തുക (ശതമാനത്തിൽ) | പഴയ നിരക്കിൽ അനുവദിച്ച തുക (ഏകദേശം) (ശതമാനത്തിൽ) | പുതിയ നിരക്കിൽ അനുവദിക്കാവുന്ന തുക (ശതമാനത്തിൽ) |
|---|---|---|---|
| Basement | 10% | 10% | 90% |
| Lintel Level | 40% | 50% | 50% |
| Roof Level | 5% | 55% | 45% |
| Roof | 25% | 80% | 20% |
| Completed | 20% | 100% | 0% |
| Total | 100% | | |

## 6. ലൈഫ് മിഷൻ സംസ്ഥാന ഓഫീസ്

- സെക്രട്ടേറിയറ്റ് അനക്സ് ഒന്നിലെ ആറാം നിലയിലെ 603 നമ്പർ മുറി ലൈഫ് മിഷൻ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്നതിന് ശുപാർശ നൽകുവാൻ തീരുമാനിച്ചു.

## ജില്ലാതല മിഷൻ ഓഫീസിലെ ഉദ്യോഗസ്ഥരുടെ ഘടന

- District Mission Co-ordinator - 1 (വർക്കിംഗ് അറേഞ്ച്മെന്റ് / ഡെപ്യൂട്ടേഷൻ)

- Data Entry Operator / Multitasking Person – 1 (കരാർ അടിസ്ഥാനത്തിലുള്ള നിയമനം)
- Engineer – 1 (കുറഞ്ഞത് അസി. എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിൽ നിന്ന് വിരമിച്ച 60 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തികളിൽ നിന്ന് കരാർ അടിസ്ഥാനത്തിലുള്ള നിയമനം)

കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരുടെ വേതനം ക്യാബിനറ്റ് തീരുമാനത്തിന് വിധേയമായിരിക്കും.

യോഗം 2 മണിക്ക് അവസാനിച്ചു.

പ്രിൻസിപ്പൽ സെക്രട്ടറി

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**യോഗത്തിൽ പങ്കെടുത്തവർ**

1. ബഹു : ഡോ : കെ.റ്റി. ജലീൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
2. ശ്രീ. ടി.കെ.ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ശ്രീ. സി.എസ്. രഞ്ജിത്ത്, ബഹു. മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവ്
4. ശ്രീ. എസ്. ഹരികിഷോർ, സി.ഇ.ഒ. ലൈഫ് മിഷൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
5. ശ്രീ. സി. എം. രവീന്ദ്രൻ, ബഹു. മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
6. ശ്രീ. കെ.പി. അനിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. ശ്രീ. ജി. അനിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
8. ശ്രീ. ബീന ഫ്രാൻസിസ്, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ

**********************